**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - മലയിൻകീഴ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാധവ കവി സംസ്കൃതികേന്ദ്രം - വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ ഉത്തരവിലെ നിബന്ധനകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.651 /2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 09/03/2018

പരാമർശം : 1. സ.ഉ. (സാധാ) നം.3397 /2017/ത.സ്വ.ഭ.വ. തീയതി, 25/10/2017.
2. മാധവ കവി സംസ്കൃതികേന്ദ്രം ചെയർമാൻ 30/10/2017 ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാധവ കവി സംസ്കൃതികേന്ദ്രത്തിന്റെ വസ്തു നികുതി ഒഴിവാക്കി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു .ഉത്തരവിലെ ചില നിബന്ധനകൾ സാംസ്കാരിക കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കാനിടയുണ്ടെന്നും അതിനാൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും സംഘടനയുടെ ചെയർമാൻ പരാമർശം( 2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവിലെ (1), (3) നമ്പർ നിബന്ധനകൾ താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു .

1) സംസ്കൃതികേന്ദ്രം മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ കലാ, സാഹിത്യ, സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകേണ്ടതാണ്

3) ഓരോ വർഷവും അവസാനിച്ച ശേഷം 90 ദിവസത്തിനുള്ളിൽ സംസ്കൃതി കേന്ദ്രത്തിന്റെ പ്രവർത്തന റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

ടി ഭേദഗതികളോടെ പരാമർശ ഉത്തരവ് നില നിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ, മാധവ കവി സംസ്കൃതി കേന്ദ്രം, മലയിൻകീഴ്, തിരുവനന്തപുരം.
പ്രസിഡന്റ്, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ. / എ & ഇ ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
✓വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ